**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1068** **09-10-2024 - ൽ മറുപടിയ്ക്ക്**

**എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | എല്ലാവർക്കും കുടിവെള്ള കണക്ഷൻ നൽകുന്നതിന് ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഗ്രാമീണ മേഖലയിൽ ജലജീവൻ മിഷൻ പദ്ധതി, നഗരമേഖലയിൽ അമൃത് പദ്ധതി കൂടാതെ കിഫ്ബി, ആർ.കെ.ഐ., സ്റ്റേറ്റ് പ്ലാൻ തുടങ്ങിയ പദ്ധതികളിലൂടെ എല്ലാവർക്കും കുടിവെള്ള കണക്ഷൻ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | നിലവിലുള്ള കുടിവെള്ള പദ്ധതികൾ നവീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ബി) | പല പദ്ധതികളിൽ ഉൾപ്പെടുത്തി നിലവിലുള്ള കുടിവെള്ള പദ്ധതികൾ നവീകരിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നുണ്ട്. നിലവിലെ ജലശുദ്ധീകരണ ശാലകളുടെ സംഭരണശേഷി വർദ്ധിപ്പിക്കൽ, മോട്ടോർ, പമ്പ് സെറ്റ്എന്നിവ മാറ്റി സ്ഥാപിക്കൽ, പഴയ കേടായ പൈപ്പ് ലൈനുകൾ മാറ്റി പുതിയ വ്യാസം കൂടിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ, നിലവിലുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, പമ്പ്ഹൗസുകളിൽ അധിക പമ്പ് സെറ്റുകൾ സ്ഥാപിക്കൽ, ഇൻടേക്ക് വെല്ലുകളുടെ സിൽറ്റ് മാറ്റുന്ന പ്രവൃത്തികൾ, വെള്ളത്തിന്റെ ഉപയോഗ നിർണ്ണയത്തിനാവശ്യമായ ഫ്ലോ മീറ്റർ സ്ഥാപിക്കൽ, ക്ലോറിനേഷൻ ഉപകരണങ്ങൾ സ്ഥാപിക്കൽ എന്നിങ്ങനെയുള്ള പ്രവൃത്തികൾ വഴി കുടിവെള്ള പദ്ധതികൾ നവീകരിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പിന്നോക്ക സമുദായ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, മറ്റു ഗവണ്മെന്റ് ഫണ്ടിങ് ഏജൻസികൾ മുതലായവയുടെ ഡെപ്പോസിറ്റ് പ്രവർത്തി കളിലൂടെയും നിലവിൽ കുടിവെള്ള പദ്ധതികൾ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ